TUESDAY 16.07.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/07/2024

1. കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 17.07.2024 ബുധൻ രാവിലെ 11:30 ന് സെക്രട്ടറിയേറ്റ് അങ്കണത്തിൽ വച്ച് മുഖ്യമന്ത്രിപിണറായി വിജയൻ നിർവഹിക്കുന്നു. കൃഷിവകുപ്പ് മന്ത്രിപി. പ്രസാദ് ചടങ്ങിന് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുന്നു.

2. പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള പടന്നക്കാട്, നീലേശ്വരം (കരുവാച്ചേരി) ഫാമുകളിൽ അത്യൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരസങ്കര, കേരഗംഗ, കേരശ്രീ എന്നിവയും നാടൻ തെങ്ങിൻതൈകളും, മോഹിത്നഗർ, മംഗള, സുമംഗള എന്നീ കവുങ്ങിൻതൈകളും ലഭ്യമാണ്. വില തെങ്ങ് നാടൻ 120/, സങ്കരയിനം 325/, കവുങ്ങ് 35/. എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0467 2280358 (കരുവാച്ചേരി), 0467 2281966 (പടന്നക്കാട്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

3. തീരമൈത്രി പദ്ധതിയിൽ അപേക്ഷിക്കാം സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) തീരമൈത്രി പദ്ധതിയിലൂടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിക്കുന്നതിന് മത്സ്യക്കച്ചവടം, ഉണക്ക മീൻക്കച്ചവടം, പീലിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പലിശയ്ക്ക് കടമെടുത്ത് മത്സ്യക്കച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. അപേക്ഷകർ എഫ്.എഫ്.ആർ-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരിക്കണം. പ്രായപരിധി ഇല്ല. 5 പേരങ്ങടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50, 000 രൂപ പലിശരഹിത

വായ്പയായി ലഭിക്കും. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ ഓഫീസിൽ നിന്നും ജില്ലയിലെ മത്സ്യഭവൻ ഓഫീസുകളിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് 9847907161, 9895332871 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ക്ഷീര വികസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. 2024 ജൂലായ് മാസം 20 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുൽകൃഷി വികസനം, മിൽക്ക് ഷെഡ് പദ്ധതി വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം. ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ഹൈജീൻ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിനായി 0471 2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. എം എസ് എം ഇ ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ്, തൃശൂർ സംഘടിപ്പിക്കുന്ന സംരംഭകത്വ ബോധവത്കരണ പരിപാടി 19.07.2024 ന് സംഘടിപ്പിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ സേവനങ്ങൾ, ധനകാര്യ സ്ഥാപങ്ങളിൽ നിന്ന് ലഭിക്കുന്ന പദ്ധതികൾ എന്നിവയിലാണ് 'സെഷനുകൾ സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 17.07.2024 മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9496078403, 0487 2360536 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"തീറ്റപുൽകൃഷി"** എന്ന വിഷയത്തെ ആസ്പദമാക്കി 18/07/2024 മുതൽ 19/07/2024 വരെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശമയച്ചോ ട്രെയിനിംഗിൽപങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. 2024 ജൂലൈ 20 മുതൽ 31 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.

പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

9. റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ റബ്ബർബോർഡ് പ്രത്യേക പരിശീലനം നൽകുന്നു. ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും സഹായത്തോടെ റബ്ബറുത്പന്നങ്ങൾ വിശകലനം ചെയ്യൽ, പോളിമറുകളെ തിരിച്ചറിയൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം ജൂലൈ 22 മുതൽ 26 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർവ്യവസായം, ആർ&ഡി സ്ഥാപനങ്ങൾ, ഡിഫൻസ് ലബോറട്ടറികൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

കാർഷിക നിർദ്ദേശം

കപ്പ -മൊസൈക് രോഗം രണ്ടു മാസം വരെ പ്രായമായചെടികളുടെ ആരോഗ്യം ക്ഷയിക്കാതിരിക്കാനും വിളവ് നഷ്ടം കുറയ്ക്കാനും ഇനി പറയുന്ന കരുതലുകൾ സ്വീകരിക്കുക. ചെടി ഒന്നിന് 100 ഗ്രാം വീതം ഡോളോമൈറ്റ് ചുറ്റും നൽകി മണ്ണുമായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇളക്കി ചേർക്കുക മൂന്നാഴ്ചയ്ക്കു ശേഷം 50 ഗ്രാം ഫാക്ടംഫോസ് + 10ഗ്രാം പൊട്ടാഷ് + ഒരു ഗ്രാം സിങ്ക് സൾഫേറ്റ് നൽകുക. നാല്പത്തഞ്ചു ദിവസം കഴിഞ്ഞു വീണ്ടും 10 ഗ്രാം പൊട്ടാഷ് നൽകുക. അടുത്ത തവണത്തേക്ക് ഈ ചെടികളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കരുത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം